"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് -ബജറ്റ് 2025-26-കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- 'കലവറയുടെ പ്രവർത്തനങ്ങൾ' എന്ന പദ്ധതിയ്ക്ക്- ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.29/2025/HSG തീയതി,തിരുവനന്തപുരം, 17-07-2025

---

പരാമർശം:- 1. സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 12.05.2025-ലെ KESNIK/530/2024-OVSR2(TECH) നമ്പർ കത്ത്.

2. 11.04.2025-ലെ സ.ഉ.(അച്ചടി) നം.48/2025/ധന നമ്പർ ഉത്തരവ്.

3 30.05.2025-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ ന്യായമായ വിലയ്ക്ക് വിൽക്കുവാൻ ലക്ഷ്യമിടുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'കലവറയുടെ പ്രവർത്തനങ്ങൾ' എന്ന പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 2216-80-101-99 എന്ന ശീർഷകത്തിൽ 50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2. 2025-26 സാമ്പത്തിക വർഷത്തെ 'കലവറയുടെ പ്രവർത്തനങ്ങൾ'/Setting up of Kalavara പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ലഭ്യമാക്കുകയും, പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണ സാമഗ്രികൾ പഞ്ചായത്ത് തലത്തിലുള്ള ഔട്ട് ലെറ്റുകൾ/നിലവിലുള്ള കലവറകൾ വഴി സബ്സിഡി നിരക്കിൽ വിൽക്കുന്നതിനും കൊട്ടാരക്കരയിൽ പുതിയ കലവറ സ്ഥാപിക്കുന്നതിനുമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

3. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി പ്രൊപ്പോസലുകൾ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി വ്യവസ്ഥകളോടെ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പദ്ധതികൾക്ക് ഭരണാനുമതി നൽകുവാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'കലവറയുടെ പ്രവർത്തനങ്ങൾ'/Setting up of Kalavara എന്ന പദ്ധതി നിലവിലുള്ള പൊതുവ്യവസ്ഥകൾക്കും നിബന്ധനകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 50,00,000/-(അമ്പതു ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിച്ച് നടപ്പാക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2025-26 സാമ്പത്തിക

വർഷത്തെ 2216-80-101-99 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

a. DSoR-2018 പ്രകാരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ 11.04.2025-ലെ സ.ഉ.(അച്ചടി) നം.48/2025/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി DSoR-2021-ലേയ്ക്ക് റീ-എസ്റ്റിമേറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കേണ്ടതാണ്.
b. പദ്ധതിയുടെ നിർവഹണത്തിന്റെയും ഫണ്ട് വിനിയോഗത്തിന്റെയും മേൽനോട്ടം നിർമ്മിതി കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനത്തിന്റെ ചുമതലയായിരിക്കും.
c. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
d. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.
e. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
f. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
g. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ അധികരിക്കുവാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.
h. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
i. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.
j. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഐ& പി. ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

Date: 17-07-2025 14:44:51

സെക്ഷൻ ഓഫീസർ